25

# Chicago Knanaya Catholic Parish Bulletin

**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153
**St. Mary's Parish Unit,** 5212 W. Agatite Ave, Chicago, IL 60630
July 27, 2008, Vol. 3, Issue 44
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

# Silver Jubilee Celebration of Knanaya Catholic Mission

## On Sunday August 3, 2008



Archbishop Mar
Mathew Moolakkatt



Bishop Mar
Jacob Angadiath



Bishop Mar
George Pallipparambil



Thomas Chazhikadan
M.L.A.

# ഷിക്കാഗോ ക്നാനായ ഇടവക മിഷനുകൾക്ക് മോഡൽ

***കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ജൂലൈ 13 ഞായറാഴ്ച പാരീഷ് ഹാളിൽ ചെയ്ത പ്രസംഗം.***



ഇന്ന് ഈ ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു കഴിഞ്ഞപ്പോൾ എനിക്കൊരു വിഷമം. അതു നിങ്ങളോടു പങ്കുവെയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെയൊരു വികാരിയാകുവാൻ എനിക്കു സാധിക്കില്ലല്ലോ എന്നതാണത്. കാരണം ഇന്നു ഞാനൊരു മെത്രാനാണ്. മെത്രാന് വികാരിയാകുക സാദ്ധ്യമല്ലല്ലോ.

നാട്ടിലുള്ള നമ്മുടെ ഇടവക ദൈവാലയങ്ങളിൽ വളരെ സജീവമായി വിശുദ്ധ കുർബ്ബാന അർപ്പിക്കാറുണ്ട്. എന്നാൽ ഇവിടെ കാണുന്ന ആ പ്രത്യേക സജീവത നാട്ടിൽ കാണാറില്ല. നാട്ടി ലുള്ള പല ദൈവാലയങ്ങളിലും ഇന്നു ആളുകളുടെ എണ്ണം വളരെ കുറഞ്ഞു വരികയാണ്. വിദ്യാസമ്പന്നരായ ആളുകൾ തൊഴിലിനായി പുറം നാടുകളിൽ പോകുന്നു. ചെറുപ്പക്കാരുടെ എണ്ണം കുറയുന്നു. പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾ ഉപരി പഠനത്തിനായി പോകുന്നു. അങ്ങിനെ നാട്ടിലുള്ള ഇടവകകളിൽ ആളുകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു.

നാട്ടിലെ മറ്റൊരു പ്രത്യേകതയെന്തെന്നാൽ യുവതിയുവാക്കളും, ഒരു പരിധിവരെ ഇടത്തരക്കാരായ ആളുകളും, പള്ളിയുടെ പ്രവർത്തനങ്ങളിൽ നിന്നും മാറി നില്ക്കുന്ന അവസ്ഥയാണ് പൊതുവേ. എന്നാൽ ഇവിടെ ശുശ്രൂഷികളായിട്ടും മറ്റു ഇടവകയുടെ പ്രവർത്തനങ്ങളിലെല്ലാം, എല്ലാ പ്രായക്കാരുടെയും സാന്നിദ്ധ്യം ഞാൻ മനസ്സിലാക്കുന്നു; പ്രത്യേകിച്ചും ചെറുപ്പക്കാരുടെയും ഇടത്തരക്കാരായ ആളുകളുടെയും സജീവ സാന്നിദ്ധ്യം. അങ്ങനെ വലിയ സജീവത നമ്മുടെ ആരാധനയിൽ കാണുവാൻ സാധിക്കുന്നതിൽ അത്യധികം സന്തോഷമുണ്ട്. ഈശോയാണോ രക്ഷകനെന്ന് അന്വേഷിക്കുവാൻ സ്നാപക യോഹന്നാൻ പറഞ്ഞു വിട്ടവരോട് ഈശോ പറഞ്ഞു " വന്നു കാണുക" എന്ന്. അതുപോലെ ഞാനിവിടെ വന്നു കണ്ടിരിക്കുകയാണ്. ഈ ഇടവക ഒരു മോഡലാണ്. ക്നാനായ മിഷനുകളുടെ ഒരു മോഡൽ.

കുറവുകൾ ഉണ്ടാവാം. കാരണം ഇതു വളർച്ചയുടെ പാതയിലാണ്. ആ കുറവുകൾ പരിഹരിച്ചുകൊണ്ട് ഈ മോഡൽ നമ്മുടെ

*(Continued on page 4)*

# Best Wishes to KCCNA Convention 2008

## PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of all Voluntary Staff, please visit:**
***www.knanayaregion.us/chicago/staff.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**Once a month as announced.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**
**(Schools are now closed for summer.**
**Will reopen in September).**

## ADORATION

**ALL: First Fridays after Mass.**

## RECONCILIATION / CONFESSION

**First Saturdays from 10:00 A.M.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**Saturdays after 10:00 A.M. Mass.**

## MEN'S & WOMEN'S MINISTRIES

**Third Saturday after 10:00 A.M. Mass**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**

August 2008

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |
| 31 | | | | | | |

# Schedule of Events

**SATURDAY, JULY 26, 2008**
**Death Anniversary of Bishop Thomas Tharayil**
Holy Mass and Novena at 10:00 A.M.

**SUNDAY, JULY 27, 2008**
Holy Mass at 10:00 A.M.
Mass at OLV at 5:30 P.M.

**THURSDAY, JULY 31, 2008**
Holy Mass, Novena and Benediction at Community Center at 7:00 P.M.

**FRIDAY, AUGUST 1, 2008**
Holy Mass and **Adoration** at 7:00 P.M.
**Volunteers Meeting after 7:00 P.M. Holy Mass.**

**SATURDAY, AUGUST 2, 2008**
Holy Mass and Novena at 10:00 A.M.

**SUNDAY, AUGUST 3, 2008**
**SILVER JUBILEE CELEBRATION OF KNANAYA CATHOLIC MISSION.**
**Reception to Mar Mathew Moolakkatt, Mar Jacob Angadiath, and Mar George Pallipparambil at 9:45 A.M. followed by Holy Mass and Jubilee Meeting.**
Registration for Religious Education Schools begins today.

**Mass at OLV at 5:30 P.M. by Archbishop Mar Mathew Moolakkatt.**

**THURSDAY, AUGUST 7, 2008**
Holy Mass, Novena and Benediction at Community Center at 7:00 P.M.

**FRIDAY, AUGUST 8, 2008**
Holy Mass at 7:00 P.M.

**SATURDAY, AUGUST 9, 2008**
Holy Mass and Novena at 10:00 A.M.

**SUNDAY, AUGUST 10, 2008**
**PRO-LIFE DAY OBSERVANCE**
Holy Mass at 10:00 A.M.

Mass at OLV at 5:30 P.M.

**THURSDAY, AUGUST 14, 2008**
Holy Mass, Novena and Benediction at Community Center at 7:00 P.M.

**FRIDAY, AUGUST 15, 2008**
**FEAST OF ASSUMPTION OF B.V. MARY**
**(Holy Day of Obligation)**
മാതാവിന്റെ സ്വർഗ്ഗാരോപണ തിരുന്നാൾ - കടമുള്ള ദിവസം.

Holy Mass at 7:00 P.M.

**SATURDAY, AUGUST 16, 2008**
Holy Mass and Novena at 10:00 A.M.

**SUNDAY, AUGUST 17, 2008**
ഏലിയാ-ശ്ലീവാ-മോശ കാലങ്ങൾ ആരംഭിക്കുന്നു.
YOUTH DAY OBSERVANCE IN OUR PARISH

Holy Mass at 10:00 A.M.
Mass at OLV at 5:30 P.M.



# വികാരിയുടെ സന്ദേശം

## ക്നാനായക്കാരിലെ മുതിർന്നവർ അനുഭവിക്കുന്ന പീയർ പ്രഷർ

എന്റെ പ്രിയ സഹോദരങ്ങളേ,

പീയർ പ്രഷർ എന്നു കേൾക്കുമ്പോൾ നാം ചിന്തിക്കുന്നതു യുവജനങ്ങളിലെ സഹപ്രവർത്തകരുടെ തെറ്റായ സ്വാധീനത്തെയാണല്ലോ. എന്നാൽ അതു യുവതീയുവാക്കളിൽ മാത്രമല്ല, എല്ലാ പ്രായക്കാരിലുമുണ്ടാകാം. കൂടാതെ, ക്രിയാത്മക സംവിധാനം വഴി നന്മ വളർത്തുവാനും പീയർ പ്രഷർ പ്രയോജനപ്പെടുത്തുവാൻ കഴിയും.

തങ്ങൾ ഇടപഴകുന്ന ഭൂരിപക്ഷത്തിനു സ്വീകാര്യമായ വിധം വസ്ത്ര ധാരണം ചെയ്യുവാനും ജീവിത ശൈലി ക്രമീകരിക്കുവാനും എല്ലാ പ്രായക്കാരും ശ്രമിക്കാറുണ്ട്. എന്നാൽ ഇവയിൽ എളുപ്പം ആകൃഷ്ടരാകുന്നത് യുവജനങ്ങളാണ്. തങ്ങളുടെ സമപ്രായക്കാരുടെ ഇടയിൽ സ്വീകാര്യമാകുവാൻ അവരുടെ വൈകൃതങ്ങൾ പോലും അനുകരിക്കുവാൻ അവർ മടിക്കുകയില്ല. ശരീരത്തിൽ പച്ച കുത്തുന്നതും, മുടിയുടെ നിറം ചുമപ്പിക്കുന്നതും, ഡ്രഗ്സിന് അടിമയാകുന്നതും, ആൺകുട്ടികൾ കാതിൽ കടുക്കനിടുന്നതും പീയർപ്രഷർ മൂലമാണ്.

സ്കൂളിൽ പോകുമ്പോൾ മുതലാണ് കുട്ടികളെ പീയർ പ്രഷർ പിടികൂടുവാൻ തുടങ്ങുന്നത്. അപ്പോൾ മറ്റു കുട്ടികളേപ്പൊലെ പെരുമാറുവാൻ അവർ പ്രേരിതരാകും. വ്യക്തിപരമായ വിദ്യാഭ്യാസത്തേക്കാൾ കലാലയ വിദ്യാഭ്യാസത്തിന്റെ ഗുണവും ദോഷവും അതുതന്നെയാണ്. അതിനാലാണ് കുട്ടികളെ നല്ല സ്കൂളുകളിൽ ചേർക്കുവാൻ നാം ശ്രദ്ധിക്കണമെന്നു പറയുന്നത്.

അമേരിക്കൻ സ്കൂളുകളിൽ പഠിക്കുന്ന നമ്മുടെ കുട്ടികളെ അവിടുത്തെ സംസ്കാരം ഏറെ സ്വാധീനിക്കുന്നതിനാലാണ് നമ്മുടെ ക്നാനായ-മലയാളി സംസ്കാരം കൂടി പകരുവാൻ എല്ലാ വാരാന്ത്യത്തിലും നമ്മുടെ ഇടവക പള്ളിയിൽ അനുകൂലമായ മറ്റൊരു അന്തരീക്ഷം നാം സൃഷ്ടിക്കുന്നത്. നമ്മുടെ ആരാധനാക്രമം പരിശീലിപ്പിക്കുക, നമ്മുടെ മൂല്യങ്ങളോടുകൂടി വേദപാഠം പഠിപ്പിക്കുക എന്നിവയോടൊപ്പം, നമ്മുടെ കുട്ടികളും യുവജനങ്ങളും ഒന്നു ചേർന്ന്, പരസ്പരം സ്വീകാര്യമായ വിധം നമ്മുടെ ക്നാനായ-മലയാളി സംസ്കാരം ഉൾക്കൊള്ളുവാനാണ് നമ്മുടെ ഇടവക പള്ളിയിൽ നാം വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നത്. കഴിയുന്നത്ര സമയം അതിനായി അവർ പള്ളിയിൽ ചിലവഴിക്കുമ്പോൾ അവരുടെ സ്വഭാവവും വ്യക്തിത്വ വികസനവും അതിന് അനുകൂലമായി രൂപപ്പെടുന്നു. ഇതുവഴി നാം ചെയ്യുന്നത്, ഗുണകരമായ പീയർ പ്രഷറിന്റെ അന്തരീക്ഷം ഒരുക്കലാണ്.

യുവതലമുറയിൽ മാത്രമല്ല, മുതിർന്നവരായ നമുക്കും പീയർ പ്രഷറുണ്ട്. നാം സഹവസിക്കുന്നത് ഏതു വിഭാഗം ആളുകളോടൊത്താണോ അവരുടെ മൂല്യങ്ങളും ചിന്താഗതികളും പെരുമാറ്റവും നമ്മെയും സ്വാധീനിക്കുന്നുണ്ട്. അത് വ്യക്തിയിൽ നിന്ന് കുടുംബത്തെയും സമുദായത്തെയും സ്വാധീനിക്കുകയും ചെയ്യുന്നു.

പാനൽ തിരിഞ്ഞുള്ള സംഘടനാ തെരഞ്ഞെടുപ്പ് വ്യത്യസ്ത ധ്രുവങ്ങളിൽ ചിന്തിക്കുന്ന രണ്ടു വിഭാഗമായി നമ്മുടെ സമുദായത്തെ മാറ്റുന്നു. ഇടവക പള്ളിയോടു സഹകരിക്കുന്നവരും അല്ലാത്തവരും എന്ന നിലയിലും വ്യത്യസ്ത പീയർ പ്രഷർ നമ്മുടെ സമുദായത്തിൽ ഉണ്ടാകുന്നുണ്ട്. അതിനാലാണ് ന്യായമായ കാരണമില്ലെങ്കിലും സ്വന്തം ഇടവക പള്ളിയിൽ വന്നു പ്രാർത്ഥിക്കുവാനോ അതിന്റെ പ്രയോജനം അനുഭവിക്കുവാനോ നമ്മിൽ ചിലർക്കും അവരുടെ കുഞ്ഞുങ്ങൾക്കും ഭാഗ്യമില്ലാതാകുന്നത്. അതിന്റെ ദോഷ ഫലം നമ്മുടെ കുടുംബങ്ങളേയും വരും തലമുറയേയും ഏറെ സ്വാധീനിക്കുന്നുണ്ട്. മറിച്ച് സമുദായ സംഘടനയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുവാനുള്ള വൈമനസ്യവും ഇതേ സാഹചര്യം മൂലം ഉണ്ടാകുന്നു.

ഒറ്റയ്ക്കു ചെയ്യുവാൻ മടിക്കുന്ന കാര്യങ്ങൾ സമാന പ്രത്യേകതകളുള്ളവരുമായി സമൂഹമായി പ്രവർത്തിക്കുമ്പോൾ അഭിമാനത്തോടെ നാം ചെയ്യും. അതിനു വേണ്ടിയാണ് നമ്മുടെ ഇടവകയിൽ വിമൻസ് മിനിസ്ട്രിയും മെൻസ് മിനിസ്ട്രിയും സീനിയർ സിറ്റിസൺസ് മിനിസ്ട്രിയും ഉൾപ്പെടെ പല പ്രസ്ഥാനങ്ങൾ നാം നടത്തുന്നത്. എന്നാൽ മുൻപു നടന്നതും ഇപ്പോൾ നടക്കുന്നതുമായ പാനൽ ഇലക്ഷൻ നമ്മുടെ കമ്മ്യൂണിറ്റിയുടെ കമ്മ്യൂണിയൻ സ്പിരിറ്റിനെ ദോഷകരമാക്കി തീർക്കുന്നുണ്ട്. തെരഞ്ഞെടുപ്പിനോടനുബന്ധിച്ച പാർട്ടി അഥവാ ഗ്രൂപ്പു രൂപീകരണം നന്മയേക്കാളുപരി തിന്മ പ്രചരിപ്പിക്കുവാനും മറ്റുള്ളവരിലെ നന്മയെപ്പോലും തിന്മയാക്കി ചിത്രീകരിക്കുവാനും നമ്മെ പ്രേരിപ്പിക്കും.

ഗ്രൂപ്പിസത്തിന്റെ പീയർ പ്രഷറാണ് ഇന്നു നമ്മുടെ സമുദായത്തിന്റെ സഭാ-സാമുദായിക വളർച്ചയ്ക്ക് വിലങ്ങുതടിയായി നില്ക്കുന്നത്. അതിനു പ്രതിവിധിയായി, പരസ്പരം യോജിച്ച് പൊതു താല്പര്യങ്ങൾ നേടിയെടുക്കുവാൻ നാം യോജിച്ചു പ്രവർത്തിക്കണം. അപ്പോഴേ, അഭിവന്ദ്യ പണ്ടാരശ്ശേരി പിതാവു പ്രസ്താവിച്ചതുപോലെ കമ്മ്യൂണിയൻ സ്പിരിറ്റുള്ള കമ്മ്യൂണിറ്റിയായി നമുക്കു വളർന്നു വികസിക്കാനാവൂ.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

### നുറുങ്ങുവെട്ടം




യുവതലമുറയുടേതിനേക്കാൾ മുതിർന്നവരുടെ പീയർ പ്രഷറാണ് നമ്മുടെ സമുദായത്തിൽ ഇന്നു നാശം വിതയ്ക്കുന്നത്.

### For Favors Received



- ഒരു വിശ്വാസി



(Continued from page 1)

എല്ലാ പ്രദേശങ്ങളിലേയ്ക്കും മിഷനുകളിലൂടെ വ്യാപിപ്പിക്കുകയായിരിക്കണം കുറേ വർഷങ്ങളിലേയ്ക്കുള്ള നമ്മുടെ പ്രവർത്തന ലക്ഷ്യം. അതൊരു പാസ്റ്ററൽ പ്ലാനായി നമ്മൾ മുന്നോട്ടു കൊണ്ടു പോകണം.

അമേരിക്കയിൽ നമ്മുടെ ആളുകൾ വസിക്കുന്ന ഏതാണ്ട് എല്ലാ പ്രദേശങ്ങളും ഞാൻ സന്ദർശിച്ചു കഴിഞ്ഞു. പലയിടത്തും മിഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും, ക്രമീകരണങ്ങളും ആരംഭിച്ചു കഴിഞ്ഞു. ഓരോ സ്ഥലത്തും അവിടെയുള്ള ആളുകളുമായി സംസാരിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. എല്ലായിടത്തും ക്നാനായ മിഷനുകൾ ഉണ്ടാകണമെന്ന് ശക്തമായി എല്ലാവരും അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. അത് വളരെ പോസിറ്റീവ് ആയ കാര്യമാണ്. അഭിപ്രായ വ്യത്യാസങ്ങളും തെറ്റിദ്ധാരണകളും ഉണ്ട്. എന്നാൽ, അവയൊക്കെ ചർച്ചകളിലൂടെ പരിഹരിക്കാവുന്നതേയുള്ളൂ. ഈ കാര്യത്തിലുള്ള ഇപ്പോഴത്തെ യോജിപ്പ് നമ്മൾ പ്രയോജനപ്പെടുത്തണം. എന്നാൽ ഒരിക്കലും വലിയ ആവേശം പാടില്ല. അത് കാര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകുവാൻ തടസ്സമായേക്കാം.

ക്നാനായ സമൂഹത്തിന്റെ വളർച്ചക്കും നിലനില്പിനും കാരണമായത് അവരുടെ ചരിത്രപരമായ കമ്മ്യൂണിയൻ ആണ്. മെത്രാൻ, വൈദികർ, അല്മായ നേതാക്കൾ, അല്മായ സഹോദരങ്ങൾ എന്നിവർ ഒന്നിച്ചുള്ള ആ ഹിസ്റ്റോറിക്കൽ കമ്മ്യൂണിയൻ. ഈ കമ്മ്യൂണിയൻ നിലനിർത്തുമ്പോൾ ക്രമേണ നമുക്ക് ലഭിക്കേണ്ടതും നമ്മൾ ആഗ്രഹിക്കുന്നതുമായ കാര്യങ്ങൾ നമുക്ക് ലഭിക്കും. ഓരോരുത്തനും ഒറ്റയ്ക്ക് ശ്രമിച്ചാൽ ഉദ്ദേശിക്കുന്ന ഫലം നമുക്ക് ലഭിക്കുവാൻ പ്രയാസം നേരിടാം. ഉറഹാ മാർ യൗസേപ്പ്, ക്നായി തോമ്മാ, വൈദികർ, ശെമ്മാശ്ശന്മാർ, അല്മായ സഹോദരങ്ങൾ ഇതാണ് ചരിത്രപരമായ ആ കമ്മ്യൂണിയന്റെ ആരംഭം. നിങ്ങൾ കൈക്കൊള്ളുന്ന ഏതു തീരുമാനങ്ങളും ഈ കമ്മ്യൂണിയനിൽ നിന്നായിരിക്കണം. അങ്ങിനെയുണ്ടാകുന്ന തീരുമാനങ്ങൾ ഉറച്ചതും ശാശ്വാതവുമായിരിക്കണം. അകമേയുള്ള കമ്മ്യൂണിയനോടൊപ്പം പുറമേയുള്ള നമ്മുടെ കമ്മ്യൂണിയനും നിലനിർത്തിക്കൊണ്ടു പോകുവാൻ ശ്രമിക്കുക.

ഈയൊരു മിഷൻ രൂപീകരണത്തിൽ ബഹു. മുത്തോലത്തച്ചൻ വളരെയേറെ വേദനകളും ത്യാഗങ്ങളും സഹിച്ചിട്ടുണ്ട്. നേതൃത്വത്തിലുള്ളവരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനം വഴിയാണ് ഏതു പ്രസ്ഥാനവും ഏതു സംവിധാനവും അതിന്റെ പൂർണ്ണതയിൽ എത്തുന്നത്. അതുകൊണ്ട് മുത്തോലത്തച്ചന്റെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളെ ഇവിടുത്തെ ക്നാനായ സമൂഹം എന്നെന്നും ഓർമ്മിക്കും എന്നുള്ളത് ഉറപ്പാണ്. മെത്രാന്മാരും, വൈദികരുമൊക്കെ പലവിധത്തിലുള്ള വിഷമങ്ങൾ നേരിടുന്നുണ്ട്. പക്ഷേ അവയൊക്കെ പൊതു സമൂഹത്തിന്റെ നന്മക്കുവേണ്ടിയാണ്. മുത്തോലത്തച്ചൻ തന്റെ വിഷമങ്ങളൊക്കെ സന്തോഷത്തോടെ സ്വീകരിച്ചു; സ്വീകരിക്കുന്നു. എന്നെക്കുറിച്ച് രഹസ്യമായിട്ടും പരസ്യമായിട്ടും നിങ്ങൾ നല്ലതു പറയുന്നു. മെത്രാന്മാരെക്കുറിച്ചും, വൈദികരേക്കുറിച്ചും എപ്പോഴും, രഹസ്യമായും പരസ്യമായും നല്ലതു പറയുക.

അമേരിക്കയിൽ പര്യടനത്തിനെത്തുമ്പോൾ ഇവിടുത്തെ സാഹചര്യങ്ങളെക്കുറിച്ച് എനിക്ക് ആശങ്കയുണ്ടായിരുന്നു. എന്നാലിപ്പോൾ ഞാൻ പല സ്ഥലങ്ങളും സന്ദർശിച്ചു കഴിഞ്ഞു. ആളുകളുമായി സംസാരിക്കുവാനും സാധിച്ചു. ഇപ്പോൾ എനിക്ക് ഒരു ആശങ്കയുമില്ല. നമ്മുടെ ആളുകൾ മെത്രാന്മാരേയും വൈദികരേയും ബഹുമാനിക്കുന്നവരാണ്; തുറന്ന സമീപനമുള്ളവരാണ്. അതുകൊണ്ട് മുത്തോലത്തച്ചനെ നിങ്ങൾ ബഹുമാനിക്കുക. രഹസ്യമായിട്ടും പരസ്യമായിട്ടും അച്ചനെക്കുറിച്ച് നല്ലതു പറയുക.

ചിക്കാഗോയിലെ സേക്രട്ട് ഹാർട്ട് ഇടവക ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്ന മിഷനുകളുടെ മോഡലാണ്. ഇവിടെ നിന്നും അത് മറ്റു പ്രദേശങ്ങളിലേക്ക് വ്യാപിക്കണം. ബഹു. മുത്തോലത്തച്ചന്റെ പ്രവർത്തനം മറ്റു സ്ഥലങ്ങളിലേക്ക് വ്യാപിക്കണമെന്ന് ഞാൻ പോയ സ്ഥലങ്ങളിലെ സഹോദരങ്ങൾ ആവശ്യപ്പെടുകയുണ്ടായി. അതിനർത്ഥം മുത്തോലത്തച്ചന്റെ പ്രവർത്തനങ്ങളെ അവർ അംഗീകരിക്കുന്നുവെന്നുള്ളതാണ്. ഓരോയിടത്തും മിഷൻ ആരംഭിക്കുന്നതിനുള്ള കമ്മറ്റികൾ രൂപം കൊണ്ടിട്ടുണ്ട്. അതിലേക്ക് നാട്ടിൽ നിന്നും വൈദികരെ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളും ആരംഭിച്ചുകഴിഞ്ഞു. ഈ വിഷയത്തെക്കുറിച്ച് ഓരോ പ്രദേശത്തെ ആളുകളുമായി കെ.സി.സി.എൻ.ഏ. കൺവെൻഷൻ അവസരത്തിൽ അഭിവന്ദ്യ പിതാക്കന്മാരുമായി സംസാരിക്കുന്നതാണ്. അങ്ങനെ വളരെ അനുകൂലമായി കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

കൂട്ടായ്മയിൽ ദൈവമുണ്ട്. അതുകൊണ്ട് കൂട്ടായ്മയിലുള്ള ദൈവസാന്നിദ്ധ്യത്തിനുവേണ്ടി പ്രാർത്ഥിക്കുക. അവിടെയാണ് നമ്മുടെ വളർച്ച പൂർണ്ണത പ്രാപിക്കുക. വളരെ അനുഗ്രഹിക്കപ്പെട്ടതാണ് നമ്മുടെ കോട്ടയം അതിരൂപത. സഭാത്മകമായി മിഷനുകളിലൂടെ വളർന്ന് ഇവിടെയും ഒരു ക്നാനായ രൂപത ഉണ്ടാകണമെന്നതാണ് നമ്മുടെ ആഗ്രഹം. നേരത്തെ സൂചിപ്പിച്ചതുപോലെ, തീരുമാനങ്ങൾ ഞാൻ മുൻപു പറഞ്ഞ കമ്മ്യൂണിയനിൽ നിന്നു മാത്രം എടുക്കുവാൻ തയ്യാറാകുക.

ഇവിടെ റൊസാൻ പതിയിലിന്റെയും മെറിൽ ഇടിയാലിയുടെയും വാക്കുകൾ ഞാൻ ശ്രവിക്കുകയുണ്ടായി. ഞങ്ങൾ നിങ്ങളോടൊപ്പമാണ്. ശതാബ്ദിയാഘോഷിക്കുന്ന ഈ അവസരത്തിൽ രൂപതയുടെ പ്രവർത്തനങ്ങൾ മുഖ്യമായും യുവജനങ്ങളെ കേന്ദ്രീകരിച്ചാണ്. അവരിലൂടെയാണ് സമുദായവും രൂപതയും നിലനില്ക്കേണ്ടതും. അവരുടെ പ്രതീക്ഷകൾക്കൊത്ത് നാം വളരണം. അവർക്കായി സംഘടന, ഇംഗ്ലീഷിലുള്ള വിശ്വാസ പരിശീലനം, കുർബ്ബാന മുതലായവ ക്രമീകരിക്കുകയും വേണം.








Speeches during the reception to Bishop Mar Joseph Pandarasseril by Vicar Rev. Fr. Abraham Mutholath, KCCNA Secretary Mr. Cyriac Lukose Puthenpurayil, V.P. Abraham Vadakkedath, Stephen George Ex. M.L.A., Shev. Advocate Joy Joseph Kodiyanthara, and Parish Secretary Jose Thazhathuvettathu.

# Our Church is Like a Big Family



**Merril Idiyalil**
**RE Secretary 07-08**

It truly is a blessing to be here in front of all of you sharing my thoughts about this wonderful parish church of ours. In my case, I have a special circumstance in which not only was I a student turned teacher for this parish, but I also had experienced Religious Education at the Latin Church. For my 8th and final year of formal religious education, I attended both the Latin Church and the Knanaya Missions. I knew I had to choose where to receive my Chrismation, but that was an easy choice. At the Knanaya mission, I had built strong friendships with my classmates and I was always excited to come and learn from people from my own community. I chose to have my confirmation with my fellow Knanayites and I still remember it to be one of the best choices because it was so special to be hearing mass in Malayalam in our own, Syro Malabar rite and receive the Holy Spirit with my good friends.

Although attending and teaching CCD at the Knanaya Missions were rewarding, there were still some disadvantages of not having our own church. But then came the summer of 2006, where we found out the wonderful news that we were finally going to have our own parish! The wait was long overdue for such an event, but it was finally here thanks to the hard work and determination by Father Mutholath. Also, thanks to the hard work and time spent by the many volunteers at this parish, it is the beautiful place today. This church runs because of the dedication that the people who attend display. This parish has not only become a church to come and pray and grow in our spiritual lives, but it is also where friends have become family. Every Sunday morning, everyone would come to church, attend CCD, and then eat lunch together, just like a big family would.

Being a part of this big family is a really important aspect of this parish church to me. Coming to mass every Sunday morning and seeing my former and current students with big smiles on their faces and waving ‘hi’ to me have brightened every Sunday. I see them making friendships that will last their whole lives and I see them grow in their religious lives together, some things I unfortunately were not able to do. Through this parish church, I see the growing unity of our community, under God. I am proud to say that I am a part of this parish and a part of the children’s lives in their faith.

I think this parish has brought so much happiness and advantages to our community. It has brought us closer to each other and closer to God. The parish has given me opportunities that I never had before which have been provided by the Youth Ministry of our parish. The Youth Ministry held overnight retreats and whole day seminars for us teens to grow in our spiritual lives as well as understand our Knanaya heritage better. The retreats that were held in Rockford were life changing experiences that encouraged all of us to grow in our Knanaya unity and our spiritual faith. I learned ways to get closer to God and be a better Christian and Knanayite. Also, as a teacher, I had the privilege of preparing for and participating in annual Religious Education festivals to portray this spiritual growth. Students and teachers were able to show the parents and community that the Religious Education schools and the parish made a differences in their lives through these shows.

Not only are these just a few things the parish has brought to our lives, but it’s only the beginning. I see so much more good to come in the future of our community and our parish. The construction of the Youth Center will bring better things to our parish and to the youth who will reap the full benefits of such an institution. I see more Retreats, more seminars, and most important, more involvement of the youth and young adults of our Knanaya com-

*(Continued on page 6)*



Photo Above: Parish Council Members with Bishop Mar Joseph Pandarasseril.
Photo Below: Volunteers of St. Mary's Unit with Bishop Mar Joseph Pandarasseril.



## SILVER JUBILLEE CELEBRATION OF KANANAYA CATHOLIC MISSION

## On Sunday August 3, 2008 at 10:00 A.M.

Chief Guests:

**His Grace Mar Mathew Moolakkatt**
**His Excellency Mar Jacob Angadiath**
**His Excellency Mar George Pallipparambil**
**Mr. Thomas Chazhikadan M.L.A.**
**Mr. Baby Kanatt, President, Knanaya Catholic Congress, Archeparchy of Kottayam.**

Program:

9:45 A.M. Reception to dignitaries
10:00 A.M. Thanksgiving Mass
11:45 A.M. Public Meeting

*(Continued from page 5)*

munity in our church. But I believe that this can all be achieved even on a wider scale by the building up of more parishes in our communities. Not only are there positives in continuing setting up more parishes here in Chicago, but also spreading this joy and blessing to the rest of the nation.

One day, I would love to see a Knanaya Diocese here in the U. S. More parishes set up much like ours here can help this happen in the future. I know the Lord's blessing is with us all through this endeavor. Again, thank you goes to first, the Lord in everything that he has brought us, then to Father Mutholath for his dedication, and to all the volunteers for making this parish be the blessing it is in my life.

## Death Anniversary (07-26-1975)



**Mar Thomas Tharayil**
Former Bishop of Kottayam

## For Favors Received From the Holy Spirit



- Jose & Shibi Kakkanatt

## Wedding Banns

© J. S. Paluch Co., Inc.

**Stebin John** son of John and Mary from Puthenpurayil family (Thadiyampad) in Brooklyn-Queens, NY with **Surabhi Alexander** daughter of Alexander and Rosely from Kannachanparambil family (Kuruppanthura) in Chicago will be held on August 9, 2008.

**Alphi P. Elackattu** son of Philip and Alice from Elackattu family (Kaipuzha) in Chicago with **Anita J. Pachikara** daughter of Ellis and Mercy from Pachikara family (Chumkon) in Cleveland will be held on September 14, 2008.

3/3

| SUNDAY OFFERINGS | JULY 20 |
|---|---|
| **St. Mary's Unit at OLV** | **590.00** |
| S.H. Church Mass offering | 1,043.00 |
| Sabha Dinam Second Collection | 425.00 |
| Manikilukkam (Partial) & Building Fund | 2,025.00 |
| Food (Woodridge, Darien & Naperville on 6th) | 450.00 |
| Food Service (Morton Gove on 7/20/08) | 213.00 |
| Syro-Malankara Holy Mass | 185.00 |
| Agape Stall for Charity | 51.00 |
| **TOTAL AT SACRED HEART** | **4,392.00** |



## Ushers at Sacred Heart

| July 27 | August 3 |
|---|---|
| Abeena Karikkal | Sherry Kulathilkarottu |
| Nirmal Maniparambil | Vinitha Padinjath |
| Soumya Kulathilkarottu | Kichu Maliackalthara |
| Kichu Maliackalthara | Tinu Parangattu |
| Jeffin Chakkalakal | Stephanie Vanchipurackal |
| Leo Mundaplackal | Jamie Mutholam |

## READERS / LECTORS കൈത്താക്കാലം

| July 27 | PASSAGE | SACRED HEART CHURCH | ST. MARY'S UNIT |
|---|---|---|---|
| 1st Reading | 1 Kings 3:5, 7-12 | Leelama Puthenpura | Geethu Kuruppanparambil |
| 2nd Reading | Romans 8:28-30 | Ashley Varakalayil | Malu Muriparambil |
| August 3 | | | |
| 1st Reading | Leviticus 25: 8-13 | Sally Muriparambil | Nidhin Kuruppamparampil |
| 2nd Reading | 2 Corinthians 9: 7-15 | Royce Njaraveli | Teenamol Kalasherry |

## PARISH HALL BOOKING

**Our parish hall with furniture and hi-tech sound system is now available for use at a low maintenance fee. Please contact Mathachan Chemmachel for reservation.**



Please support our advertisers who help us to publish this bulletin.


SPACE AVAILABLE
FOR YOUR
ADVERTISEMENT

**Best compliments from The Mutholath Family**

**Pro-Rehab Services, P.C.**



**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463
9518 W. 179th Street, Tinley Park, IL 60487
(708) 489 6PRS
*www.pro-rehabservices.com*

**Choicecare Home Health, Inc.**

**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, *www.choicecarehh.com*

Medicare Certified, most insurance accepted.

**Professional with 11 years experience in catering.**

Call **WILLIAM GEORGE**
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out

**COMPUTER SERVICE & SUPPORT**
***Home/Office service & Network***
*CALL FOR DETAILS*
Saju Chemmalakuzhy
Cell.224-392-0687
Sajuchemmala-kuzhy@gmail.com
*MS Certified since 1997*

*We put our money where our mouth is*



Free Refinanceing !!!!!
Loan amount up to 100%
No credit, Poor credit - No Problem !
buy new home/investment property

Citywide Mortgage of America Corp.
Jimmy Thomas Kollappallil
Cell: (847) 814-3949
Off: (773) 202-2600
Fax: (773) 202-2605
Email:jimmy@citywidema.com
ക്രെഡിറ്റ് ഇല്ലേ ... സാരമില്ലാ
ക്രെഡിറ്റ് മോശം ... സാരമില്ലാ
100% ലോൺ നൽകപ്പെടും
പുതിയ വീട് വാങ്ങണം...
ഉടൻ വിളിക്കൂ (847) 814-3949

